കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# തെങ്കര ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2015-16**

## ജില്ലാ ഓഡിറ്റ് കാര്യാലയം പാലക്കാട്

**e-mail:dopkd.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

കെ.എസ്.എ-പികെഡി9/2300/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്, തീയതി – 30.12.2016
ഇ-മെയിൽ – dopkd.ksad@kerala.gov.in
ഫോൺ – 04912520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തെങ്കര ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തെങ്കര ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തെങ്കര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടിഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി9/2300/16 തിയ്യതി: 30.12.2016

## പാലക്കാട് ജില്ലയിലെ തെങ്കര ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ തെങ്കര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ 30-6-2016 തിയ്യതി വരെയുള്ള വരവ് ചെലവ് കണക്കുകളുടെ വിശദമായ പരിശോധന പെർഫോമൻസ് ഓഡിറ്റ് വിഭാഗം പരിശോധിച്ച് 26-9-2016 ന്

റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പഞ്ചായത്ത് 30-6-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ യിൽ പ്രസക്തമായ അപാകതകെളാന്നും റിപ്പൊർട്ട് ചെയ്യിട്ടില്ലാത്തതിനാൽ താഴെ പറയുന്ന രശീതികളുടെ പരിശോധനയും 2016ആഗസ്റ്റ് മാസത്തെ വിവിധ അക്കൗണ്ടുകളിലെ പിൻവലിക്കലുകളും മാത്രമാണ് ഓഡിറ്റിൽ പരിേശാധിച്ചിട്ടുള്ളത്.

| പരിശോധിച്ച രശീതികൾ | ഉപയോഗിച്ച ആകെ രശീതികളുടെ എണ്ണം |
|---|---|
| 27390, 27391, 27392 | 3 |

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നില നിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/ രേഖകൾ/ വിവരങ്ങൾ/വിശദീകരണം കേരള പഞ്ചായത്ത് രാജ് (പരിശൊധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പെർഫോമൻസ് ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിവരങ്ങൾ/ ഓഡിറ്റ് റിപ്പോർട്ട് /ഗ്രാമപഞ്ചായത്തിൻ്റെ തീരുമാനം എന്നിവയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.
സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യ ത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. കെ.എൻ. വാസുദേവൻ<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21-10-2016 മുതൽ 28-10-2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ബിജു ആന്റണി.യു | അസി.ഓഡിറ്റ് ഓഫീസർ |
| | ശിവപ്രസാദ്.എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | മുഹമ്മദ് ഹിഷാം | ഓഡിറ്റർ |

## നിർവ്വഹണാധികാരികൾ

### പ്രസിഡണ്ട്

| | |
|---|---|
| ശ്രീ. മുഹമ്മദാലി | 1-4-2015 മുതൽ 11-11-2015 വരെ |
| ശ്രീമതി. സാവിത്രി | 12-11-2015മുതൽ31-3-2016വരെ |

### സെക്രട്ടറി

| | |
|---|---|
| ശ്രീ. മോഹനദാസൻ | 1-4-2015 മുതൽ 31-3-2016 വരെ |

### അസി. സെക്രട്ടറി

| | |
|---|---|
| ശ്രീ. ചന്ദ്രൻ | 1-4-15 മുതൽ 9-12-2015 വരെ |
| ശ്രീമതി. റിമോള | 10-12-2015 മുതൽ 31-3-2016 വരെ |

### മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
|---|---|---|---|
| കൃഷി ഓഫീസർ | 1 | ശ്രീമതി. ഗിരിജ | 1-4-2015 മുതൽ |

| | | | |
|---|---|---|---|
| | | | 31-3-2016 വരെ |
| മെഡിക്കൽ ഓഫീസർ | 1 | ഡോ. അമൃത | 1.4.2015 മുതൽ 31.3.2016 വരെ |
| ആയുർവ്വേദം | 1 | ഡോ. ഷിബു | 1-4-2015മുതൽ 31.3.2016 വരെ |
| വെറ്ററിനറി സർജൻ | 1 | ശാരി പ്രഭ | 1.4.2015 മുതൽ 6-1-2016 വരെ |
| | 2 | ഡോ. വിനീത | 7-1-2016മുതൽ 9-3-2016വരെ |
| | 3 | ഡോ. സാജിത | 8-3-2016മുതൽ 31-3-2016 |
| വി.ഇ.ഒ | 1 | ശ്രീമതി. ശ്രീലേഖ | 1.4.2015 മുതൽ 8-6-2015 വരെ |
| | 2 | ആദർശ് എബ്രഹാം | 9-6-2015മുതൽ 25-7-2015വരെ |
| | 3 | ശ്രീ. അബ്ദുൾ ഗഫൂർ | 26-7-2015മുതൽ20-8-2015വരെ |
| | 4 | ആദർശ് എബ്രഹാം | 21-8-2015മുതൽ 17-11-2015വരെ |
| | 5 | ശ്രീ. അബ്ദുൾ ഗഫൂർ | 18-112015മുതൽ31-3-2016വരെ |
| ഹെഡ് മാസ്റ്റർ | | ശ്രീ.എം.വിജയരാഘവൻ | 1.4.2015 മുതൽ 31.3.2016 വരെ |
| അസി.എൻജിനിയർ | 1 | ശ്രീ.കെ.സി.തമ്പി | 1.4.2015 മുതൽ 15-5-2015 വരെ |
| | 2 | ശ്രീ. ബഷീർ | 16-5-2015മുതൽ31-3-2016വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 1 | ശ്രീമതി. വിജയലക്ഷ്മി | 1-4-2015മുതൽ 31-3-2016 വരെ |

**ഉള്ളടക്കം**

**ഭാഗം 1**

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) |
| 4 | സാമ്പത്തിക വിശകലനം | 1(4) |
| 5 | ഫണ്ട് വിനിയോഗം | 1(5) |
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തനത് വരുമാനം | 1(7) |
| 8 | ക്ഷേമപദ്ധതികൾ | 1(8) |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) |
| 11 | അനുബന്ധ പത്രികകൾ | 1(11) |

**ഭാഗം-II**

വരവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളേയും ഡി&ഒ ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തേണ്ടതാണ് | 2(1) |
| 2 | വ്യാപാര സ്ഥാപനങ്ങൾക്ക് പാർപ്പിടാവശ്യത്തിനുള്ള നിരക്കിൽ വസ്തുനികുതി ചുമത്തിയതുമൂലം ഗ്രാമപഞ്ചായത്തിന് നഷ്ടം | 2(2) |
| 3 | പഞ്ചായത്തിൽ വസ്തു നികുതി അടവാക്കുന്നത് രണ്ട് മൊബൈൽ ടവർ മാത്രം - നികുതി ഇനത്തിൽ നഷ്ടം | 2(3) |
| 4 | കോഴി ഫാമുകൾക്ക് ഡി&ഒ ലൈസൻസ് അനുവദിക്കുമ്പോൾ, മലിനീകരണ നിയന്ത്രണബോർഡിന്റ അനുമതി ഉറപ്പുവരുത്തിയിട്ടില്ല. | 2(4) |
| 5 | ബാങ്ക്/ട്രഷറി അക്കൌണ്ടുകൾ പൊരുത്തപ്പെടുത്തൽ നടത്തി സൂക്ഷിക്കേണ്ടതാണ് | 2(5) |

**ഭാഗം-III**

ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | അധിക സബ്സിഡി നൽകിയത് ഈടാക്കേണ്ടതാണ്. | 3(1) |
| 2 | വീടിന് വേണ്ടി വ്യക്തികൾ സ്വയം സ്ഥലം വാങ്ങൽ- സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചില്ല | 3(2) |
| 3 | വിനിയോഗ വിവരങ്ങൾ വ്യക്തമല്ല. തുക തടസ്സത്തിൽ വെയ്ക്കുന്നു. | 3(3) |
| 4 | ആവശ്യകതാ വിവരങ്ങൾ, വിനിയോഗ വിവരങ്ങൾ എന്നിവ വ്യക്തമല്ല. തുക തടസ്സത്തിൽ വെയ്ക്കുന്നു. | 3(4) |
| 5 | എഗ്രിമെന്റ് പ്രകാരം നിശ്ചയിച്ചിട്ടുള്ള സമയത്ത് പൂർത്തിയാക്കാത്ത മരാമത്ത് പ്രവൃത്തികളിൽ പിഴ ഈടാക്കിയിട്ടില്ല. | 3(5) |
| 6 | വീടിന് വേണ്ടി വ്യക്തികൾ സ്വയം സ്ഥലം വാങ്ങൽ- പ്രൊജക്ടിലെ അപാകതകൾ | 3(6) |
| 7 | കമ്പ്യൂട്ടറുകൾ കെൽട്രോണിൽ നിന്നും വാങ്ങണം എന്ന നിർദ്ദേശം പാലിച്ചിട്ടില്ല | 3(7) |
| 8 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകൽ - ജില്ല, ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ ലഭ്യമാക്കിയില്ല. | 3(8) |
| 9 | ടി.എച്ച്.ആർ.എസ്- ഭക്ഷ്യമിശ്രിതം ലാബ് റിപ്പോർട്ട് | 3(9) |

| | | |
|---|---|---|
| | ലഭ്യമാക്കിയില്ല | |
| 10 | എബിസി പ്രോഗ്രാം-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 3(10) |
| 11 | അംഗൻവാടികളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നില്ല | 3(11) |
| 12 | മീഡിയാശ്രീ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 3(12) |
| 13 | തെരുവ് വിളക്കുകൾ , തെരുവ് ടാപ്പുകൾ എന്നിവയുടെ കാര്യങ്ങളിൽ അടിസ്ഥാന വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല. | 3(13) |
| 13 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 3(14) |

**ഭാഗം-IV**

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) |
| 6 | ഓഡിറ്റ് റിക്കവറി | 4(6) |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4(7) |
| 8 | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4(8) |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4(9) |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(10) |

# ഭാഗം -1
# പൊതു അവലോകനം
# പൊതു അവലോകനം

## 1-1 ബജറ്റ്

**ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം**

| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | പുതുക്കിയത് |
|---|---|
| നം.1 തീ:4-3-2015 | 4-3-2016 |

1-2. വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 30-7-2016 |

**1-3** വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

1-4 <u>സാമ്പത്തിക വിശകലനം</u>

മുൻബാക്കി :18447585

വരവ് :36985370

ആകെ :55432955

ചെലവ് :47937214

നീക്കിബാക്കി :7495741

**1-5 ഫണ്ട് വിനിയോഗം**

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 1803991 | 4427083+<br>10609019(TC) | 16840093 | 10941185+<br>5898908(TC) | 0 |
| വികസന ഫണ്ട്(എസ്.സി.പി) | 2700584 | 2150435 | 4851019 | 245035+<br>4605984(TC) | 0 |
| വികസനഫണ്ട്(ടി.എസ്.പി) | 455250 | 450856 | 906106 | 450856+<br>455250(TC) | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 1414076 | 5841667+<br>41737(TC from MG(NR) | 7297480 | 7297480+ | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 795611 | 2014818 | 2810429 | 2768692+<br>41737(TC to MG(R) | 0 |
| ധനകാര്യകമ്മീഷൻ അവാർഡ് | 1971136 | 6057978 | 8029114 | 6214837+<br>1814277(TC) | 0 |
| ലോക ബാങ്ക് സഹായം | 217365 | 40000 | 257365 | 217365+<br>40000(TC) | 0 |

**1-6 പദ്ധതി അവലോകനം**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|
| 159 | 127 | 32 | 80 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 1665000 | 797962 | 48 |
| വെറ്ററിനറി സർജൻ | 2 | 2 | 1600000 | 662500 | 41 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 12 | 10 | 1406608 | 797768 | 57 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 3 | 1 | 1625000 | 1300000 | 80 |
| വി.ഇ.ഒ. | 10 | 7 | 47127035 | 1850000 | 4 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 3 | 3 | 4167500 | 3053885 | 73 |
| സെക്രട്ടറി | 13 | 12 | 3815680 | 3476082 | 91 |
| ഹെഡ് മാസ്റ്റർ | 1 | 1 | 500000 | 475026 | 95 |
| അസി.എഞ്ചിനീയർ | 97 | 74 | 22821780 | 17898491 | 78 |
| അസി. സെക്രട്ടറി | 14 | 8 | 5506800 | 1785000 | 32 |

1-7 **തനത് വരുമാനം**

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | % (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3016343 | 1939638 | (-)1076705 | (-)36 |
| നികുതിയേതര വരവുകൾ | 644705 | 358859 | (-)285846 | (-)44 |

| | | | | |
|---|---|---|---|---|
| മറ്റ് വരവുകൾ | 41661 | 89530 | 47869 | 114 |
| ആകെ | 3702709 | 2618090 | (-)1084619 | (-)29 |

**1-8** സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനെമടുത്തവ | നിരസിച്ചവ |
|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 11 | 8 | 3 |
| 2 | തൊഴിൽ രഹിത വേതനം | 48 | 28 | 20 |
| 3 | വിധവാ പെൻഷൻ | 95 | 87 | 8 |
| 4 | വികലാംഗ പെൻഷൻ | 20 | 17 | 3 |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 5 | 5 | 0 |
| 6 | വാർദ്ധക്യകാല പെൻഷൻ | 183 | 152 | 31 |

1-9ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.10.16 ന് 3 മണിക്ക് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 7401 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻ്െറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 24-9-2016 | 8/2016 | ലഭിച്ചിട്ടില്ല | |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25-4-2009 മുതൽ 8-5-2009 | 2-10-05 മുതൽ 31-3-2009 വരെ | 11-6-2009 | - |

1-11 അനുബന്ധ പത്രികകൾ

| |
|---|
| ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം -2
# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളേയും ഡി&ഒ ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തേണ്ടതാണ്

2015-16 വർഷം ആകെ 133 സ്ഥാപനങ്ങൾ മാത്രമാണ് വ്യാപാരങ്ങൾ നടത്തുന്നതിന് പഞ്ചായത്തിൽ നിന്നും ഡി&ഒ ലൈസൻസ് എടുത്തിട്ടുള്ളത്. 2015-16 വർഷം ആകെ 71 വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടങ്ങളിൽ വ്യാപാര സ്ഥാപനങ്ങൾ നിലവിൽ വന്നിട്ടുണ്ടോ എന്നറിയുന്നതിനും ഉണ്ടെങ്കിൽ അവയിൽ നിന്നും ഡി&ഒ ലൈസൻസ് ഫീസ് ഈടാക്കുന്നതിനുമുള്ള നടപടികളൊന്നും തന്നെ പഞ്ചായത്ത് സ്വീകരിച്ചിട്ടുമില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്ക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടം അനുസരിച്ച്, പട്ടിക 1 ൽ ഉൾപ്പെട്ട മുഴുവൻ സ്ഥാപനങ്ങളും പഞ്ചായത്തിൽ നിന്നും ഡി&ഒ ലൈസൻസ് എടുക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തുന്നതിന് ഫീൽ വിസിറ്റ് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 വ്യാപാര സ്ഥാപനങ്ങൾക്ക് പാർപ്പിടാവശ്യത്തിനുള്ള നിരക്കിൽ വസ്തുനികുതി ചുമത്തിയതുമൂലം ഗ്രാമപഞ്ചായത്തിന് നഷ്ടം

താഴെ പറയുന്ന സ്ഥാപനങ്ങളുടെ ഉടമകൾക്ക് 2015-16 വർഷത്തിൽ ഗ്രാമപഞ്ചായത്ത് വിവിധ വ്യാപാരങ്ങൾ തുടങ്ങുന്നതിനുള്ള ഡി&ഒ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഡി&ഒ ഡിമാന്റ് രജിസ്റ്ററും വസ്തുനികുതിയുടെ സഞ്ജയ സോഫ്റ്റ്വെയറിലെ വിവരങ്ങളുമായി പൊരുത്തപ്പെടുത്തി പരിശോധിച്ചപ്പോൾ വ്യാപാര സ്ഥാപനങ്ങൾക്ക് പാർപ്പിടാവശ്യത്തിനുള്ള വസ്തു നികുതിയാണ് ഡിമാന്റ് ചെയ്തിട്ടുള്ളതെന്ന് കണ്ടെത്തി.

| ഡി&ഒ ലൈസൻസ് നം. | ഡി&ഒ ലൈസൻസ് ആവശ്യം | കെട്ടിട നമ്പർ | വിസ്തീർണ്ണം (ചതുരശ്ര മീറ്റർ) | വസ്തുനികുതി നിർണ്ണയിച്ച വിഭാഗം | ഈടാക്കിയ വസ്തു നികുതി | ഈടാക്കേണ്ട വസ്തു നികുതി | നഷ്ടം |
|---|---|---|---|---|---|---|---|
| 1/15-16 | ബേക്കറി | 15/118 | 25 | പാർപ്പിടം | 72 | 1000 | 928 |
| 16/15-16 | സിമന്റ് കച്ചവടം | 6/72 | 53 | പാർപ്പിടം | 129 | 2120 | 1991 |
| | | | | | | ആകെ | 2919 |

100 ചതുരശ്ര മീറ്ററിന് താഴെ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 40 രൂപ നിരക്കിലുള്ള നികുതിയാണ് പഞ്ചായത്ത് നിശ്ചയിച്ചത് പ്രകാരം ചുമത്തേണ്ടത്. എന്നാൽ മേൽ കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 5 രൂപ നിരക്കിൽ മാത്രമാണ് നികുതി ചുമത്തിയിട്ടുള്ളത്. ആയതുമൂലം പഞ്ചായത്തിന് വസ്തുനികുതി ഇനത്തിൽ 2919/- രൂപവരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്.

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയപ്പോൾ നമ്പർ(8), പ്രസ്തുത കെട്ടിടങ്ങളുടെ ഉടമകളിൽ നിന്നും വാണിജ്യാവശ്യത്തിനുള്ള നിരക്കിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി അറിയിക്കുന്നതാണ് എന്ന് പഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്. ഫീൽഡ് വിസിറ്റ് നടത്തി ഇത്തരത്തിലുള്ള മുഴുവൻ കെട്ടിടങ്ങളിൽ നിന്നും യഥാർത്ഥ നിരക്കിലുള്ള വസ്തുനികുതി ഈടാക്കി പഞ്ചായത്തിനുള്ള തനത് നികുതി വരുമാനം വർധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 പഞ്ചായത്തിൽ വസ്തു നികുതി അടവാക്കുന്നത് രണ്ട് മൊബൈൽ ടവർ മാത്രം - നികുതി ഇനത്തിൽ നഷ്ടം

പഞ്ചായത്ത് പരിധിയിൽ അനധികൃതമായി പ്രവർത്തിക്കുന്ന മൊബൈൽ ടവറുകൾ കണ്ടത്തുന്നതിന് ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തുന്നതിനും ഇപ്രകാരം കണ്ടെത്തുന്ന മൊബൈൽ ടവറുകളിൽ നിന്നും പെർമിറ്റ് ഫീസും വസ്തുനികുതിയും ഈടാക്കുന്നതിന് സർക്കാർ 19.10.2014 ലെ 40395/RC2/2014 lsgd സർക്കുലർ പ്രകാരം നിർദ്ദേശിച്ചിരുന്നു. ആയത്പഞ്ചായത്തിൽ നടത്താതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ആകെ മൊബൈൽ ടവറുകളുടെ എണ്ണം സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭ്യമല്ല. രണ്ട് മൊബൈൽ ടവർ മാത്രമാണ് പഞ്ചായത്തിന്റെ വസ്തു നികുതി ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളത്.

പഞ്ചായത്ത് പരിധിയിൽ അനധികൃതമായി പ്രവർത്തിക്കുന്ന മൊബൈൽ ടവറുകൾ കണ്ടെത്തുന്നതിന് സ്പെഷ്യൽ ഡ്രൈവ് നടത്തി അനധികൃതമായി പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളിൽ നിന്നും പെർമിറ്റ് ഫീസും വസ്തുനികുതിയും ഈടാക്കി പഞ്ചായത്തിന്റെ തനതു വരുമാനം വർധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 കോഴി ഫാമുകൾക്ക് ഡി&ഒ ലൈസൻസ് അനുവദിക്കുമ്പോൾ, മലിനീകരണ നിയന്ത്രണബോർഡിന്റ അനുമതി ഉറപ്പുവരുത്തിയിട്ടില്ല

2015-16 വർഷത്തെ ഡി&ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം ഗ്രാമ പഞ്ചായത്തിൽ നിന്നും ഇരുപതോളം ഡി&ഒ ലൈസൻസുകൾ കോഴി ഫാമുകൾ നടത്തുന്നതിനായി അനുവദിച്ചിട്ടുണ്ട്. ആയതിൽ ചുവടെ ചേർക്കുന്ന അപേക്ഷകളോടൊപ്പം കേരള സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡിന്റ അനുമതി സമർപ്പിച്ചിട്ടില്ല. എങ്കിലും അവയ്ക്ക് ഗ്രാമ പഞ്ചായത്തിൽ നിന്നും ഡി&ഒ ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

| ലൈസൻസ് നമ്പർ |
|---|
| 37/15-16 |
| 42/15-16 |
| 96/15-16 |

ഗ്രാമ പഞ്ചായത്തിൽ നിന്നും ഡി&ഒ ലൈസൻസ് അനുവദിക്കുമ്പോൾ മറ്റു സ്ഥാപനങ്ങളിൽ നിന്നുമുള്ള അനുമതിപത്രങ്ങൾ ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 2-5 ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പൊരുത്തപ്പെടുത്തൽ നടത്തി സൂക്ഷിക്കേണ്ടതാണ്

2011 ലെ കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ-ചട്ടം 6(5) അനുസരിച്ച്, പഞ്ചായത്തിന്റ വിവിധ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ ബാങ്ക്ബുക്കിലെ നീക്കിയിരിപ്പും അവയുടെ ബാങ്ക്/ട്രഷറി പാസ് ബുക്കിലെ നീക്കിയിരിപ്പും തമ്മിൽ മാസാന്ത്യത്തിലും, വർഷാന്ത്യത്തിലും പൊരുത്തപ്പെടുത്തൽ നടത്തി, പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. പഞ്ചായത്തിന്റ തനതു ഫണ്ടു സൂക്ഷിക്കുന്ന മണ്ണാർക്കാട് റൂറൽ സർവീസ് സഹകരണ ബാങ്ക് അക്കൗണ്ട് 2015-16 വർഷത്തിലോ തുടർന്നോ പൊരുത്തപ്പെടുത്തൽ നടത്തി സൂക്ഷിച്ചിട്ടില്ല. എൻ.ആർ.ഇ.ജി.എസ്-കാനറ ബാങ്ക് അക്കൗണ്ട്, ദുരിതാശ്വാസനിധി-ബാങ്ക് അക്കൗണ്ട്, ട്രഷറി ബാങ്ക് അക്കൗണ്ട് (തനത് ഫണ്ട്) എന്നിവ 2015-16 വർഷാവസാനത്തിൽ പൊരുത്തപ്പെടുത്തൽ നടത്തിയിട്ടുണ്ടെങ്കിലും തുടർന്നുള്ള മാസങ്ങളിൽ പൊരുത്തപ്പെടുത്തൽ നടത്തിയിട്ടില്ല.

ആയതിനാൽ പഞ്ചായത്തിന്റ ബാങ്ക്/ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് സംബന്ധിച്ച കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല. അക്കൗണ്ട്സ് ചട്ടങ്ങൾ-ചട്ടം 6(5) നിർദ്ദേശിക്കും പ്രകാരം അക്കൗണ്ടുകൾ എല്ലാ മാസാന്ത്യത്തിലും പൊരുത്തപ്പെടുത്തൽ നടത്തി, പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

# ഭാഗം -3
# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അധിക സബ്സിഡി നൽകിയത് ഈടാക്കേണ്ടതാണ്

പ്രൊജക്റ്റ് : തുറസ്സായ കിണർ ശുചിത്വ കിണറാക്കി മാറ്റൽ

പ്രൊജക്റ്റ് നമ്പർ : 95/15

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ : 3,40,000 (പ്ലാൻ-എസ്.സി.പി)
ചെലവ് : 1,80,000

തുറസ്സായ കിണർ ശുചിത്വ കിണറാക്കി മാറ്റൽ എന്ന പ്രൊജക്റ്റ് പ്രകാരം 2015-16 ൽ 1,80,000 രൂപ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | ബിൽ നമ്പർ | തുക | ഗുണഭോവിന്റെ പേര് | ഡിഡി നമ്പർ | റിമാർക്സ് |
|---|---|---|---|---|---|
| 1 | 12/15-16 dt 18.01.16 | 1,00,000 | ലക്ഷ്മി കുഞ്ഞൻ, കൽക്കടി വീട് കൈതച്ചിറ | 236718/ 27.1.16 | ഒരാൾക്ക് 20,000 രൂപ നിരക്കിൽ 5 പേർക്ക് നൽകി |
| | | | കാളി ഉണ്ണിയേക്കൻ കിഴക്കേക്കുന്ന് കോളനി, ചേറുംകുളം | 236719/ 27.1.16 | |
| | | | വാസുദേവൻ s/o ചാമി മുതുവല്ലി, മേലാമുറി | 236720/ 27.1.16 | |

| | | | | | |
|---|---|---|---|---|---|
| | | | രാധാകൃഷ്ണൻ, തൂവ്വരപറമ്പിൽ വീട് ചിറപ്പാടം | 236721/ 27.1.16 | |
| | | | ശശി പി.എൻ s/o നാരായണൻ പുതൂർ വീട്, മുതുവല്ലി | 236722/ 27.1.16 | |
| 2 | 19/15-16 dt 23.03.16 | 60,000 | കുഞ്ഞിലക്ഷ്മി.യു ഉറവിൽ വീട് ചേറുംകുളം | 750633/ 13.4.16 | ഒരാൾക്ക് 20,000 രൂപ നിരക്കിൽ 3 പേർക്ക് നൽകി |
| | | | ചാമി s/o ചെറിയക്കൻ കണ്ണാത്തിയിൽ ഹൗസ്, മേലാമുറി | 750634/ 13.4.16 | |
| | | | മിനി w/o ചന്ദ്രൻ പടിഞ്ഞാറെക്കുന്ന് | 750635/ 13.4.16 | |
| 3 | 22/15-16 dt 28.03.16 | 20,000 | രാമൻകുട്ടി s/o ചാമി മുതുവല്ലി വീട് | 750614/ 13.4.16 | ഒരാൾക്ക് 20,000 രൂപ |

സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) 362/2013 തസ്വഭവ 16.11.2013 പ്രകാരം തുറസ്സായ കിണർ ശുചിത്വ കിണറാക്കി മാറ്റൽ എന്ന ഇനത്തിന് നൽകാവുന്ന പരമാവധി സബ്സിഡി ഒരാൾക്ക് 5000 രൂപയാണ്. എന്നാൽ ഒരാൾക്ക് 20000 രൂപ നിരക്കിലാണ് സബ്സിഡി നൽകിയിരിക്കുന്നത്. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (2/25.10.16) നൽകിയതിന് തൃപ്തികരമായ വിശദീകരണം ലഭിച്ചില്ല. ആയതിനാൽ ഈയിനത്തിൽ അധികം ന്ലകിയ 1,35,000 രൂപ (9*15000) ഗുണഭോക്താക്കളിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-2 വീടിന് വേണ്ടി വ്യക്തികൾ സ്വയം സ്ഥലം വാങ്ങൽ- സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചില്ല

പ്രൊജക്ട് : വീടിന് വേണ്ടി വ്യക്തികൾ സ്വയം സ്ഥലം വാങ്ങൽ

പ്രൊജക്ട് നമ്പർ : 172/15

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ : 1,50,000 (പ്ലാൻ-ടി.എസ്.പി -1,47,250

തനത് ഫണ്ട് - 2750)

ചെലവ് : 1,50,000

ബിൽ നമ്പർ : 16/15-16 dt 25.02.16

വീടിന് വേണ്ടി വ്യക്തികൾ സ്വയം സ്ഥലം വാങ്ങൽ എന്ന പ്രൊജക്ട് പ്രകാരം ശ്രീ.ബേബി s/o പൊന്നൻ, കൽപ്പകശ്ശേരി വീട്, മണ്ണാർക്കാട് എന്നവർക്ക് ശ്രീ ഉണ്ണികൃഷ്ണൻ, വലിയ വീട്ടിൽ ഹൗസ്, തെങ്കര എന്നിവരുടെ ഉടമസ്ഥതയിലുള്ള സർവ്വേ നമ്പർ 116/9 ൽ പെട്ട 6 സെന്റ് സ്ഥലം രജിസ്റ്റർ ചെയ്ത് നൽകിയതിന് സെന്റിന് 25,000 രൂപ നിരക്കിൽ ആകെ 1,50,000 രൂപ താഴെ പറയും പ്രകാരം ശ്രീ. ഉണ്ണികൃഷ്ണന് നൽകിയിട്ടുണ്ട്.

| ക്രമനമ്പർ | തുക | ബിൽ നമ്പർ/ തീയ്യതി | ഡി.ഡി.നമ്പർ |
|---|---|---|---|
| 1 | 147250 | 16/15-16 dt 25.02.16 | 234813/22.02.16 |
| 2 | 2750 | തനത് ഫണ്ട് | 235419/ 05.03.16 |
| ആകെ | 150000 | | |

സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) 362/2013 തസ്വഭവ 16.11.2013 പ്രകാരം സബ്സിഡി തുകയുടെ പരിധിയിൽ കവിയാതെ നിശ്ചയിക്കപ്പെട്ട മിനിമം വിസ്തൃതിയിൽ കൂടുതൽ സ്ഥലം വാങ്ങിച്ചാൽ മിനിമം സ്ഥലത്തിനുള്ള വില നിജപ്പെടുത്തി സബ്സിഡി തുക പരിമിതപ്പെടുത്തേണ്ടതാണ്. എന്നാൽ ഇവിടെ മിനിമം സ്ഥലത്തിനുള്ള വിലയായ 75,000 രൂപക്ക് (3*25000) പകരം 1,50,000 രൂപ നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (2/25.10.16) തൃപ്തികരമായ വിശദീകരണം ലഭിച്ചില്ല. ആയതിനാൽ ആയിനത്തിൽ അധികം നൽകിയ 75,000 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 വിനിയോഗ വിവരങ്ങൾ വ്യക്തമല്ല. തുക തടസ്സത്തിൽ വെയ്ക്കുന്നു.

ട്രഷറി ബിൽ നം. 143/15-16 തീ. 28-3-2016പ്രാകാരം 273527രൂ. സാധാരണ ബൾബുകൾക്ക് പകരം സി.എഫ്.എൽ. ബൾബുകൾ മാറ്റി ഇടുന്നതിനായി KREWSന് നൽകിയിട്ടുണ്ട്. പ്രോജക്ട് നം. 143/16 പ്രകാരം തെരുവ് വിളക്ക് സ്ഥാപിക്കൽ എന്ന പദ്ധതിയുടെ ഭാഗമായിട്ടാണ് പ്രവൃത്തി നിർവ്വഹണം നടത്തിയിട്ടുള്ളത്. എന്നാൽ ഇത് സംബന്ധിച്ച് വിനിയോഗ വിവരങ്ങൾ (എത്ര ബൾബുകളാണ് മാറ്റി സ്ഥാപിച്ചത്, ആയത് പരിശോധന നടത്തിയത് സംബന്ധിച്ച് കെ.എസ്.ഇ.ബി.യിൽ നിന്നും മോണിറ്ററിംഗ് സമിതി അംഗങ്ങളിൽ നിന്നുമുള്ള സാക്ഷ്യപ്പെടുത്തലുകൾ, കെ.എസ്.ഇ.ബി യിൽ നിന്നും വൈദ്യുതി നിരക്കിൽ സംഭവിച്ച മാറ്റം സംബന്ധിച്ച വിശദാംശങ്ങൾ, തുക കൈപ്പറ്റിയത് സംബന്ധിച്ച രസീതി എന്നിവ) പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്ക് റജിസ്റ്ററിൽ അവ്യക്തമായ രീതിയിൽ രേഖപ്പെടുത്തലുകൾ ഉണ്ട് എങ്കിലും ആയവയൊന്നും സാക്ഷ്യപ്പെടുത്തിയിട്ടില്ല. മേല്പറഞ്ഞ കാര്യങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം 5/26-10-2016 ന് ലഭ്യമാക്കിയ മറുപടിയിൽ കെ.എസ്.ഇ.ബി. യിലേക്ക് സൂപ്പർവിഷൻ ചാർജ് അടച്ചിട്ടില്ല എന്നും സാമ്പത്തിക വർഷാവസാനം ചെയ്ത പദ്ധതി ആകയാൽ തിരക്കിട്ട് കാര്യങ്ങൾ ചെയ്യേണ്ടി വന്നു എന്നും സൂചിപ്പിച്ചിട്ടുണ്ട്. ആയതിനാൽ ചെലവ് തുക 273527രൂ. തടസ്സത്തിൽ വെയ്ക്കുന്നു.

## 3-4 ആവശ്യകതാ വിവരങ്ങൾ, വിനിയോഗ വിവരങ്ങൾ എന്നിവ വ്യക്തമല്ല. തുക തടസ്സത്തിൽ വെയ്ക്കുന്നു.

ചെക്ക് നം. 2191944 തീ. 16-07-2015പ്രാകാരം 214867രൂ. തെരുവ് വിളക്കുകളുടെ അറ്റകുറ്റ പണികൾക്കായ സാധനങ്ങൾ സപ്ലൈചെയ്തതിന് KREWSന് നൽകിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് താഴെപ്പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണ്.

- തെരുവ് വിളക്കുകളുടെ മെയിന്റനൻസിനായി സാധനങ്ങൾ സപ്ലൈ ചെയ്തത് സംബന്ധിച്ച് KREWS സമർപ്പിച്ച ഇൻവോയ്സിനെ(നം. 621/30-7-2015) അടിസ്ഥാനമാക്കിയാണ് തുക നൽകിയിരിക്കുന്നത്. എന്നാൽ ടി ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടുള്ള സാധനങ്ങൾ സ്റ്റോക്കിൽ രേഖപ്പെടുത്തുകയോ സാധനങ്ങൾ വിതരണം നടത്തിയതായി ആരും സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.
- സാധനങ്ങൾ വിതരണം ചെയ്തിട്ടുണ്ടെങ്കിൽ ആയത് വിനിയോഗിച്ചത് സംബന്ധിച്ച് യാതൊരു വിശദാംശങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കെ.എസ്.ഇ.ബി.യിൽ നിന്നുള്ള സാക്ഷ്യപ്പടുത്തലുകളോ, ജനപ്രതിനിധികളുടെ സാക്ഷ്യപ്പെടുത്തലുകളോ നടന്നതായി രേഖകളില്ല.
- 2015-16 വർഷത്തിൽ പഞ്ചായത്തിൽ നിലവിലുള്ള തെരുവ് വിളക്കുകളുടെ സ്ഥിതിവിവര കണക്കുകൾ സംബന്ധിച്ച് യാതൊരു വിവരങ്ങളും ലഭ്യമല്ല(തെരവ് വിളക്ക് റജിസ്റ്റർ ഇല്ല, സംയുക്ത പരിശോധന നടന്നിട്ടുമില്ല). കൂടാതെ പരാതി റജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുമില്ല. ആയതിനാൽ KREWS സമർപ്പിച്ചിട്ടുള്ള ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടുള്ള സാധനങ്ങൾ പഞ്ചായത്തിൽ ആവശ്യമുള്ളതാണോ അല്ലയോ എന്ന് വ്യക്തമാക്കാൻ സാധിക്കുന്നില്ല. എങ്കിലും 2016-17 ൽ സെക്രട്ടറി നം. എ1/2303/16 തീ. 18.4.2016 പ്രകാരം KREWS ന് സമർപ്പിച്ചിട്ടുള്ള കത്തിൽ ( ടി വർഷത്തെ വാർഷിക അറ്റകുറ്റപ്പണികൾ സംബന്ധിച്ച്) തൻവർഷം നിലവിലുള്ള ട്യൂബ് സെറ്റുകളുടെ എണ്ണം രേഖപ്പെടുത്തിയിട്ടുള്ളത് 262 എണ്ണം മാത്രമാണ്. എന്നാൽ 2015-16 ൽ 300 ട്യൂബ് സെറ്റുകളാണ് KREWS സമർപ്പിച്ചിട്ടുള്ള ഇൻവോയ്സിൽ വിതരണം നടത്തിയതായി രേഖപ്പെടുത്തിയിട്ടുള്ളത് (ട്യൂബ് ലൈറ്റുകൾക്ക് 15 മാസത്തെ വാറന്റി രേഖപ്പെടുത്തിയിട്ടുമുണ്ട്). ആയതിനാൽ 2016-17 ൽ ഉള്ളതിനേക്കാൾ കൂടുതൽ എണ്ണം 2015-16 ൽ തന്നെ വാങ്ങി എന്ന് രേഖപ്പെടുത്തിയതിൽ യുക്തി കാണുന്നില്ല.

മേല്പറഞ്ഞ കാരണങ്ങളാൽ ചെലവ് തുക 214867രൂ. തടസ്സത്തിൽ വെയ്ക്കുന്നു.

## 3-5 എഗ്രിമെന്റ് പ്രകാരം നിശ്ചയിച്ചിട്ടുള്ള സമയത്ത് പൂർത്തിയാക്കാത്ത മരാമത്ത് പ്രവൃത്തികളിൽ പിഴ ഈടാക്കിയിട്ടില്ല

തദ്ദേശഭരണ സ്ഥാപനങ്ങളുടെ മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച സർക്കാർ ഉത്തരവ് നം. 84/97 PW&T/19-8-97 പ്രകാരം പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുന്ന സംഗതിയിൽ കരാറുടമ്പടിയിൽ വ്യവസ്ഥ ചെയ്യുന്ന ചെയ്യുന്ന തീയ്യതിയിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ കരാറുകാരൻ/കൺവീനർ ബാദ്ധ്യസ്ഥനാണ്.കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തി പൂർത്തീകരണം വൈകുന്ന സന്ദർഭങ്ങളിൽ , കരാറുകാരന്റെ അപേക്ഷയിൻമേൽ AE യുടെ ശുപാർശയോടെ യഥാർഥ കാലാവധിയുടെ 20% ഗ്രേസ് പിരിയെഡ് അനുവദിച്ച് തുടർന്നുള്ള കാലത്തേക്ക് ആദ്യ 3 മാസം PAC യുടെ 1%വും പിന്നീടുള്ള ഓരോ മൂന്ന് മാസത്തിനും 2% പിഴ ഈടാക്കി മാത്രമേ ബിൽ അനുവദിക്കാവൂ. എന്നാൽ താഴെപ്പറയുന്ന പ്രവൃത്തികളിൽ പിഴ ഈടാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. | പ്രവൃത്തിയുടെ പേര് | സൈറ്റ് കൈമാറിയ തീയ്യതി | എഗ്രീഡ് പി.എ.സി. | പൂർത്തീകരി ക്കേണ്ട തീയ്യതി | പൂർത്തീകരിച്ച തീയ്യതി | കരാറുകാരന്റെ പേര് |
|---|---|---|---|---|---|---|---|
| 1 | SO036/15 | പറശ്ശേരി മദ്രസ്സ റോഡ് സൈഡ് കെട്ടൽ | 9-2-2015 | 50000 | 31-3-2015 | 30-9-2015 | എം. യൂസഫ് |

നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 വീടിന് വേണ്ടി വ്യക്തികൾ സ്വയം സ്ഥലം വാങ്ങൽ- പ്രൊജക്ടിലെ അപാകതകൾ

പ്രൊജക്ട് : വീടിന് വേണ്ടി വ്യക്തികൾ സ്വയം സ്ഥലം വാങ്ങൽ

പ്രൊജക്ട് നമ്പർ : 97/15

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ : 6,00,000 (പ്ലാൻ-എസ്.സി.പി -6,00,000)

ചെലവ് : 3,00,000

ബിൽ നമ്പർ : 2/15-16 dt 17.07.15

2015-16 ൽ വീടിന് വേണ്ടി വ്യക്തികൾ സ്വയം സ്ഥലം വാങ്ങൽ എന്ന പ്രൊജക്ടിന് 3,00,000 രൂപ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് സ്ഥലം രജിസ്റ്റർ ചെയ്തു നൽകിയതിന് ശ്രീ. ഉമ്മർ s/o കുഞ്ഞാലി, കിളിയങ്ങാടൻ, മണ്ണാർക്കാട് എന്നവർക്ക് നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് |
|---|---|
| | |

| | |
|---|---|
| 1 | ഉണ്ണികൃഷ്ണൻ s/o കേലു, ആമ്പാടം കോളനി, കൊറ്റിയോട് |
| 2 | ചാമി s/o കുട്ടൻ, ആമ്പാടം കോളനി<br><br>കൊറ്റിയോട് |

പ്രസ്തുത പ്രൊജക്ട് നിർവ്വഹണത്തിൽ താഴെ പറയുന്ന നിർദേശങ്ങൾ പാലിച്ചിട്ടില്ല.

1. സർക്കുലർ 78573/DC-1/08/lsgd dt 11.06.09 പ്രകാരം വാങ്ങുന്ന ഭൂമിയുടെ ഉടമസ്ഥത 12 വർഷത്തേക്ക് തദ്ദേശ ഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമായിരിക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടില്ല. ഗുണഭോക്താവുമായി കരാർ ചമച്ചിട്ടില്ല.
2. ജി.ഒ.(ആർ.ടി) 511/2010/തസ്വഭവ തീയ്യതി 17.2.10 പ്രകാരം വീടനുവദിക്കുന്ന ഗുണഭോക്താവിന്റെ കുടുംബത്തിലെ കുടുംബനാഥന്റെയും അംഗങ്ങളുടേയും പേര്, വയസ്സ്, വിലാസം, റേഷൻ കാർഡ് നമ്പർ, ഇലക്ടറൽ ഐഡന്റിറ്റി കാർഡ് നമ്പർ, കൈവശ സർട്ടിഫിക്കറ്റിന്റെ നമ്പറും തീയ്യതിയും എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി സൂക്ഷിക്കേണ്ടതും അതോടൊപ്പം കുടുംബങ്ങളുടെ ഡിജിറ്റൽ ഫോട്ടോയെടുത്ത് സിഡിയിൽ സൂക്ഷിക്കേണ്ടതുമാണ്. ആയത് പാലിച്ചിട്ടില്ല.

## 3-7 കമ്പ്യൂട്ടറുകൾ കെൽട്രോണിൽ നിന്നും വാങ്ങണം എന്ന നിർദേശം പാലിച്ചിട്ടില്ല

ഫ്രണ്ട് ഓഫീസ് അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ എന്ന പ്രോജക്ടിനായി ആകെ 166145രൂ. ചെലവഴിച്ചിട്ടുണ്ട്. ഇതിൽ കമ്പ്യൂട്ടർ വാങ്ങുന്നതിനായി 54821രൂ. ട്രഷറി ബിൽ നം.13/15-16തീയ്യതി31-1-2016 പ്രകാരം ചെലവ് നടത്തിയിട്ടുണ്ട്. (കമ്പ്യൂട്ടറിന് 42810+2140(Tax), പ്രിന്ററിന് 9871രൂ.)സിഡ്കോയിൽ നിന്നാണ് കമ്പ്യൂട്ടർ വാങ്ങിയിട്ടുള്ളത്.ഇത് സംബന്ധിച്ച് താഴെപ്പറയുന്ന അപാകതകൾ കാണുന്നു. സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ പാലിക്കാതെയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതുമായി ബന്ധപ്പെട്ട് 30.07.12-ലെ സർക്കാർ ഉത്തരവിൽ (G.O(Rt.)No.1838/2012/LSGD) കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നത് ഐ.കെ.എം. അതതു സമയങ്ങളിൽ നിർദ്ദേശിക്കുന്ന സ്പെസിഫിക്കേഷൻ
അനുസരിച്ചായിരിക്കണമെന്നും, DGS&D റേറ്റ് കോൺട്രാക്ടിനേക്കാൾ കുറഞ്ഞ നിരക്കിൽ കെൽട്രോൺ മുഖേന വാങ്ങേണ്ടതാണെന്നും നിർകർഷിക്കുന്നുണ്ട്. ആയതിനാൽ സിഡ്കോയിൽ നിന്നും നേരിട്ട് കമ്പ്യൂട്ടറുകൾ വാങ്ങിയത് ക്രമപ്രകാരമല്ല.സർക്കാർ സാധൂകരണം വാങ്ങേണ്ടതാണ്.

## 3-8 ശാരീരീക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകൽ ജില്ല, ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ ലഭ്യമാക്കിയില്ല.

പ്രൊജക്ട് : ശാരീരീക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകൽ

പ്രൊജക്ട് നമ്പർ : 3/15

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഐ.സി.ഡി.എസ്.സൂപ്പർവൈസർ

അടങ്കൽ : 4,00,000

ചെലവ് : 3,09,000

2015-16 വർഷത്തിൽ ശാരീരീക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകൽ എന്ന പ്രൊജക്ടിന് പദ്ധതി വിഹിതത്തിൽ നിന്നും 3,09,000 രൂപ ബിൽ നമ്പർ 14/15-16 തീയ്യതി 23.03.16 പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

സർക്കുലർ നമ്പർ 20719/FM 1/2011 ത.സ്വ.ഭ.വ തീയ്യതി 9.5.11പ്രകാരം ഒരു ഗ്രാമപഞ്ചായത്തോ ബ്ലോക്ക് പഞ്ചായത്തോ ജില്ലാ പഞ്ചായത്തോ മറ്റ് തലങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം കൂടാതെ സ്വന്തം വിഹിതം മാത്രമുപയോഗിച്ച് നടപ്പാക്കാൻ കഴിയുമെങ്കിലോ അതല്ലെങ്കിൽ രണ്ട് തലങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉപയോഗിച്ച് നടപ്പാക്കാൻ കഴിയുമെങ്കിലോ ആ രീതിയിൽ നടപ്പാക്കാവുന്നതാണ്.

2015-16 വർഷത്തിൽ ജില്ലാ പഞ്ചായത്ത് വിഹിതവും ബ്ലോക്ക് പഞ്ചായത്ത് വിഹിതവും ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കിയിരുന്നുവെങ്കിൽ വിദ്യാർത്ഥികൾക്ക് കൂടുതൽ ധനസഹായം ലഭ്യമാകുമായിരുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 3-9 ടി.എച്ച്.ആർ.എസ്- ഭക്ഷ്യമിശ്രിതം ലാബ് റിപ്പോർട്ട് ലഭ്യമാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ടി.എച്ച്.ആർ.എസ് ഭക്ഷ്യമിശ്രിതത്തിന്റെ സാമ്പിൾ പരിശോധനാ വിധേയമാക്കിയതിന്റെ ലാബ് റിപ്പോർട്ട് ലഭ്യമല്ല. സാമൂഹ്യക്ഷേമ ഡയറക്ടറുടെ കത്ത് നം ഐ.സി.ഡി.എസ് ബി 3-312/2010, 18.12.10 പ്രകാരം രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിലും, ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റെയും സാമ്പിൾ എന്നിവ പരിശോധനാ വിധേയമാക്കേണ്ടതാണ്. എന്നാൽ ഈ നിർദ്ദേശം പാലിച്ചിട്ടില്ല. ലാബ് റിപ്പോർട്ട് ലഭ്യമാക്കുമ്പോൾ ആവശ്യമായ രേഖപ്പെടുത്തലുകൾ ഉണ്ടെന്ന് ഉറപ്പുവരുത്താൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 എബിസി പ്രോഗ്രാം-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

പ്രൊജക്ട് : എ.ബി.സി. പ്രോഗ്രാം

പ്രൊജക്ട് നമ്പർ : 173/15

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജ്ജൻ

അടങ്കൽ : 3,50,000

ചെലവ് : 3,50,000

2015-16 വർഷത്തിൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന 'തെരുവ് നായ്ക്കളുടെ വന്ധ്യംകരണം' എന്ന പദ്ധതിക്കു വേണ്ടി വെറ്ററിനറി സർജ്ജൻ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 350000/-രൂപ സെക്രട്ടറി, പാലക്കാട് ജില്ലാ പഞ്ചായത്തിന് നൽകിയിട്ടുണ്ടെങ്കിലും (ഡി.ഡി.നമ്പർ-751508/28.03.16) ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. പദ്ധതിയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-11 അംഗൻവാടികളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നില്ല

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 22.03.2011 ലെ സർക്കുലർ നമ്പർ 31055/ഡി.സി.2/2011 പ്രകാരം എല്ലാ വർഷവും മെയ് 10 നകം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അംഗൺവാടികളും സന്ദർശിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അംഗൺവാടികളുടെ സുരക്ഷ ഉറപ്പാക്കുന്ന ഈ സംവിധാനം 2014-15 ൽ ഗ്രാമ പഞ്ചായത്തിലെ അംഗൺവാടികളിൽ നടന്നിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അധ്യക്ഷൻ എല്ലാ വർഷവും മാർച്ച് മാസം അവസാനം ഐ.സി.ഡി.എസ് സൂപ്പർവൈസർ, അംഗൺവാടി പ്രവർത്തകർ, എഞ്ചിനീയർ/ ഓവർസീയർ എന്നിവരുടെ യോഗം വിളിച്ചു ചേർത്ത് സ്ഥിതി വിലയിരുത്തേണ്ടതും മെയ് 30 നകം ഫിറ്റ്നസ് ഉണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്. മേൽ പറഞ്ഞ സർക്കാർ നിർദേശം പാലിക്കേണ്ടതും തുടർന്നുള്ള ഓഡിറ്റിൽ രേഖകൾ ഹാജരാക്കേണ്ടതുമാണ്.

## 3-12 മീഡിയാശ്രീ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രൊജക്ട് : മീഡിയാശ്രീ

പ്രൊജക്ട് നമ്പർ : 153/15

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ : 65,000 (പ്ലാൻ-ജനറൽ )

ചെലവ് : 65,000

ബിൽ നമ്പർ : 3/15-16 dt 22.08.15

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി മീഡിയാശ്രീ എന്ന പ്രോജക്ട് നടപ്പാക്കുന്നതിലേക്കായി 65000/-രൂപ പാലക്കാട് കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർക്ക് നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-13 ഒഴിവാക്കി

## 3-14 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

പ്രോജക്ട്- SSA വിഹിതം നൽകൽ(134/15-16)

നിർവഹണ ഉദ്യോഗസ്ഥൻ- HM GUPS തെങ്കര

ബിൽ നം. 1/15-16 തി.18.1.2016

മേൽ പദ്ധതി പ്രകാരം ജില്ലാ പ്രൊജക്ട് ഓഫീസർ, SSA ക്ക് 475026 രൂപ DD നം. 236254 തി.18.1.2016 പ്രകാരം നൽകിയിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിച്ചതിനുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനായി ഹാജരാക്കേണ്ടതുമാണ്.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 141000 | നെൽകൃഷിക്ക് ഉഴവുകൂലി | 141000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 84600 | നെൽകൃഷിക്ക് ഉഴവുകൂലി | 84600 | |

4-2<u>നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ</u>

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| കെ.ഡബ്ലിയൂ.എ. | പറശ്ശേരി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 750727/ 20-3-16 | 80000 | 80000 | പൂർത്തീകരിച്ചു. | - |
| കെ.ഡബ്ളിയൂ.എ. | ജവഹർ നഗർ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 51978305/ 28-3-2016 | 75000 | 75000 | പൂർത്തീകരിച്ചിട്ടില്ല | - |

4-3. <u>മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്</u>

ഇല്ല

**4-4 .(i)<u>വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം</u>**
ഇല്ല

**<u>(ii) വായ്പ തിരിച്ചടവിന്റെ വിവരം</u>**

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | EMS, ഭവന പദ്ധതി | G.O.1168/2010/ L.S.G.D. 30-3-2010 | 15096000 | 7548000 | 2336500 | - | 5211500 |

4-5<u>സ്ഥിരനിക്ഷേപങ്ങൾ</u>
ഇല്ല

4-6 <u>ഓഡിറ്റ് റിക്കവറി</u>

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 2990 രൂപ ഈടാക്കിയിട്ടുണ്ട്

| തുക | രസീതി നം/ തീയ്യതി | ഒടുക്കിയ ആളുടെ പേര് |
|---|---|---|
| 2500 | 11505102393/ 26-11-2015 | മാനേജർ, മാവേലി സ്റ്റോർ |
| 250 | 11505102444/ 2-12-2015 | മൂർത്തി, അസി . എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 60 | 11505102339/ 23-11-2015 | ലില്ലി, ക്രിസ്തുജ്യോതി |
| 60 | 11505102339/ 23-11-2015 | ശ്രീജിത്ത് |
| 60 | 11505102339/ 23-11-2015 | മണിയമ്മ |
| 60 | 11505102339/ 23-11-2015 | കുര്യാക്കോസ് |

4-7<u>സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം</u>

ഇല്ല

**<u>4-8. ആശുപത്രി വികസന സമിതികളുടെ കണക്കുകൾ</u>**

2010-ലെ കേരള പഞ്ചായത്ത് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങളിലെ ചട്ടം 9(3)പ്രകാരം പ്രകാരം ഗ്രാമ പഞ്ചായത്ത് ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കൽ ചാറ്റേർഡ് അക്കൗണ്ടിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിൻെറ പരിധിയിൽ നിലവിൽ പ്രാഥമിക ആരോഗ്യകേന്ദ്രം, തെങ്കര, ആയുർവ്വേദ ആസ്പത്രി എന്നിങ്ങനെ രണ്ട് സർക്കാർ ആസ്പത്രികളാണ് ഉള്ളത്. ഇവയിൽ നിന്ന് ചാർട്ടേഡ് അക്കൗണ്ടന്റിനെക്കൊണ്ട് ഓഡിറ്റ് ചെയ്ത അക്കൗണ്ടുകൾ പരിശോധനയ്ക്ക് സമർപ്പിച്ചിട്ടില്ല.

4-9<u>ഓഡിറ്റ് പ്രത്യവലോകനം</u>

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 36985370 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 47937214 |
| വരവിനങ്ങളിലുള്ള നഷ്ടം | 2919 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 210000രൂ. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 488394രൂ. |

**<u>ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-1 | 2919 | റിമോള, അസി.സെക്രട്ടറി |
| 3-1 | 135000 | റിമോള, അസി.സെക്രട്ടറി |
| 3-2 | 75000 | റിമോള, അസി.സെക്രട്ടറി |

**<u>ക്രമാനുസാരമാക്കാൻ കഴിയുന്ന ഓഡിറ്റ് തടസ്സങ്ങൾ</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 273527 | വി.മോഹനദാസൻ, സെക്രട്ടറി |
| 3-4 | 214867 | വി.മോഹനദാസൻ, സെക്രട്ടറി |

**<u>സാധൂകരിക്കാവുന്ന ഓഡിറ്റ് പരാമർശങ്ങൾ</u>**

ഇല്ല

**സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം**

ഇല്ല

**ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| റിമോള അസി. സെക്രട്ടറി | അസി.സെക്രട്ടറി തെങ്കര ഗ്രാമ പഞ്ചായത്ത് | വൈശാഖ് ,<br>ജി.ആർ.എ. 548 ക്ഷേത്രത്തിന് സമീപം,<br>ഗൗരീശപട്ടം,<br>പട്ടം (പി.ഒ)<br>തിരുവനന്തപുരം |

4-9. **തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 2005-06 | എൽ.എഫ്.പി.9/1419/08 തിയതി 18-08-05 | ഫർദർ റിമാർക്സ് |
| 2006-07 | എൽ.എഫ്.പി.9/217/11തിയതി 18-03-10 | ഫർദർ റിമാർക്സ |
| 2007-08 | എൽ.എഫ്.പി.9/923/10തിയതി 25-09-2010 | ഫർദർ റിമാർക്സ് |
| 2008-09 | എൽ.എഫ്.പി.9/1572/12തിയതി 25-06-13 | ഫർദർ റിമാർക്സ് |
| 2009-10 | എൽ.എഫ്.പി.9/1572/12തിയതി 25-06-13 | ഫർദർ റിമാർക്സ് |
| 2010-11 | എൽ.എഫ്.പി.9/1572/12തിയതി 25-06-13 | ഫർദർ റിമാർക്സ് |
| 2011-12 | എൽ.എഫ്.പി.9/307/14തിയതി 18-03-14 | ഫർദർ റിമാർക്സ് |
| 2012-13 | എൽ.എഫ്.പി.22-836/15 തിയതി 6-10-15 | ഓഡിറ്റ് റിപ്പോർട്ട് മുഴുവൻ |
| 2013-14 &2014-15 | കെ.എസ്.എ. പി. കെ.ഡി. 9/1227/16 തീയ്യതി 2-8-2016 | ഓഡിറ്റ് റിപ്പോർട്ട് മുഴുവൻ |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട

## അനുബന്ധം -3
## ഒഴിവാക്കി

1

## അനുബന്ധം- ഓഡിറ്റ് സർട്ടിഫിക്കറ്റ്

No.KSA-PKD9/2300/16

Kerala State Audit Department
District Audit Office

Palakkad, Date – 30.12.2016

AUDIT CERTIFICATE

Certified that I have examined the Annual Financial Statement of THENKARA GRAMA PANCHAYATH for the year ended 31.03.16 in Palakkad District in accordence with section 4 of the Kerala Local Fund Audit Act 1994 , section 215 of the Kerala Panchayath Raj Act 1994 , the rules made thereunder and the giudlines issued by the Camptroller and Auditor General of India for the Certification of Accounts of Panchayath Raj Institutions

in my opinion the financial statements of THENKARA GRAMA PANCHAYATH prepared in accordence with Section 215 of the Kerala Panchayath Raj Act 1994 and Go(P) No 319/2003/Fin. Dated 12.06.13, for the year 2015-2016 properly presents the picture of income , expenditure and closing balance except the defects pointed in this certificate.

Deputy Director
Kerala State Audit Department
District Audit Office, Palakkad

**THENKARA GRAMA PANCHAYATH**

Abstract of defects-A.F.S 2015-16

1. The shedule B-11 in the balance sheet inconnection with the value of Assets is not Up-dated .

2. Budget is not prepared on function -fuctionary basis.

3. The figures shown as the arrear & current balance of property tax in AFS (2015-16) are not in agreement with the figures shown in DCB statement and Sanchaya Software.

4. Reconcilation of bank account is not prepared.

Deputy Director
Kerala State Audit Department
District Audit Office, Palakkad

കെ.എസ്.എ-പികെഡി9/2300/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്, തീയതി – 30.12.2016

**സാക്ഷ്യപത്രം**

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ തെങ്കര ഗ്രാമ പഞ്ചായത്തിന്റെ 31.3.16 ൽ അവസാനിച്ച ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തെങ്കര ഗ്രാമ പഞ്ചായത്ത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215- വകുപ്പ് കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 204 എന്നിവ പ്രകാരം തയ്യാറാക്കിയ 2015-2016 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്- ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

**തെങ്കര ഗ്രാമ പഞ്ചായത്ത്**

**വാർഷിക ധനകാര്യ പത്രിക – 2015-2016**

**ന്യൂനതാ സംഗ്രഹം**

1. അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറ്റുന്നതിന് തൊട്ടു മുമ്പുള്ള മാർച്ച് 31തീയ്യതിയിലെ സ്ഥാവര -ജംഗമ ആസ്തികളുടെ മൂല്യത്തോടൊപ്പം തുടർ വർഷങ്ങളിലെ ആസ്തികളുടെ മൂല്യം ചേർത്ത് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല .
2. ബജറ്റ് ഫങ്ഷൻ-ഫങ്ഷനറി അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല.
3. വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയ വസ്തുനികുതിയുടെ തൻ വർഷ തുകകളും കുടിശ്ശിക തുകകളും ഡി.സി.ബി സ്റ്റേറ്റ്മെന്റ്, സഞ്ചയ സോഫ്റ്റ് വെയർ എന്നിവയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
4. ബാങ്ക് അക്കൗണ്ടുകളുടെ റിക്കൺസലിയേഷൻ നടത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്